(ബി) കരാറുകാർ ജോലികൾ ബഹിഷ്കരിച്ചപ്പോൾ അത്യാവശ്യം അറ്റകുറ്റപ്പണികൾ വാട്ടർ അതോറിറ്റി നേരിട്ട് നടത്തുകയും കടിവെള്ളക്ഷാമം രൂക്ഷമാകാതെ നോക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കേടായ പൈപ്പുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്ന ജോലികൾ നടന്നുവരുന്നു. കൂടാതെ പഴയ എ.സി. പൈപ്പുകൾ മാറ്റി പുതിയ പി.വി.സി./ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രത്യേക പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

## വൻകിട ശുദ്ധജല വിതരണ പദ്ധതികൾ

**165 (857)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട ശുദ്ധജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം ; ഈ പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) വരൾച്ച പ്രതിരോധിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾ വിശദമാക്കുമോ ?

### ഉത്തരം

(എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു. നിലവിൽ ജിക്ക ധനസഹായത്തോടെ 5 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തതിൽ ചേർത്തല പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്തു. ബാക്കിയുള്ള നാല് പദ്ധതികളായ തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നിവ ഭാഗികമായി ജലവിതരണം നടത്തിവരുന്നു. മേല്പറഞ്ഞ നാല് പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ വേണ്ടി വിവിധ തലങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റുള്ള വകുപ്പുകളിൽനിന്നും ലഭിക്കേണ്ടതായ അനുമതികൾ ഗവൺമെന്റ് തലത്തിൽ യോഗങ്ങൾ സംഘടിപ്പിച്ച് തീരുമാനങ്ങളെടുത്ത് പദ്ധതികൾ പൂർത്തീകരിക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മേല്പറഞ്ഞ വൻകിട പദ്ധതികൾക്കുപുറമേ കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 206 പദ്ധതികളും

LIBRARY ARCHIVES Kerala Legislative Assembly

നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 32 പദ്ധതികളും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കൊച്ചി നഗരത്തിനും സമീപ പഞ്ചായത്തുകൾക്കുമായിട്ടുള്ള വിപുലീകരണ പദ്ധതിയും കൊല്ലം ശുദ്ധജലവിതരണ പദ്ധതിക്കായി കല്ലടയാറ്റിൽ കടപുഴ നിന്നും ജലം ലഭ്യമാക്കുന്ന പദ്ധതിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലേക്ക് ജൈക്ക സഹായത്തോടെയുള്ള രണ്ട് പദ്ധതികളും യു.ഐ.ഡി.എസ്.എസ്.എം.ടി. ധനസഹായത്തോടെയുള്ള 12 പദ്ധതികളും നടപ്പിലാക്കിവരുന്നു. എല്ലാ വൻകിട പദ്ധതികളും വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ പാസ്സ് (പി.എ.എസ്.കെ.) സംവിധാനത്തിലും വീഡിയോ കോൺഫറൻസ് വഴിയും അവലോകനം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നബാർഡ്, ജൈക്ക, ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്.എസ്.എം.ടി. എന്നിവയാണ് വിവിധ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ സഹകരിക്കുന്നത്.

(ബി) വൻകിട കടിവെള്ള പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതോടൊപ്പം വരൾച്ച പ്രതിരോധിക്കുന്നതിനും ഇത്തരം പദ്ധതികൾ ഉപകരിക്കുന്നതാണ്.

**താനൂർ നിയോജകമണ്ഡലത്തിലൂടെ കനോലി കനാൽ**

**166 (858)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലൂടെ ഉണ്യാൽ മുതൽ പൂരപ്പുഴവരെ എത്ര കിലോമീറ്റർ ദൂരത്തിലാണ് കനോലി കനാൽ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ മണ്ണെടുത്ത് ആഴംകൂട്ടി കരകൾ ഭിത്തികെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി എത്രകിലോമീറ്റർ ദൂരത്തിൽ നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇതിനായി എത്ര തുക വിനിയോഗിച്ചെന്നും ബാക്കിവരുന്ന പ്രവൃത്തികൾക്ക് എത്ര തുക ആവശ്യമായി വരുമെന്നും വിശദമാക്കാമോ ;

(ഡി) ചെളികെട്ടി മാലിന്യം കനംകൂടിയടിഞ്ഞ് കനാലുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് ബാക്കിഭാഗംകൂടി മണ്ണെടുത്ത് കര ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly